LIBRARY ARCHIVES Kerala Legislative Assembly

## കൂട്ടനാട്ടിൽ നിന്നും സംഭരിച്ച നെല്ല്

180(4811) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ കൂട്ടനാട്ടിൽ നിന്നും എത്ര ടൺ നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തരം സംഭരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) സംഭരിച്ച നെല്ലിന്റെ തുക എത്ര ദിവസം കഴിഞ്ഞാണ് കർഷകർക്ക് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ ;

(സി) നെല്ല് കർഷകർക്ക് തുക അനുവദിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് സംവിധാനം ഏർപ്പെടുത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം ഇതുവരെ (12-12-2014) കൂട്ടനാട്ടിൽ നിന്നും 1369183662 രൂപയുടെ (72062298 കി.ഗ്രാം) നെല്ല് സംഭരിച്ചു കഴിഞ്ഞു.

(ബി) ഏപ്രിൽ 2014 മുതൽ ജൂൺ 2014 വരെ (2013-14 രണ്ടാം സീസൺ) സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിൽ 2 മുതൽ 3 മാസം വരെ കാലതാമസം സംഭവിച്ചിട്ടുണ്ട്. എന്നാൽ ഈ സീസണിൽ 7-11-2014 വരെ സംഭരിച്ച നെല്ലിന്റെ വിലയാണ് നൽകിയിട്ടുള്ളത്. അതായത് ഏകദേശം 40 ദിവസത്തെ താമസം സംഭവിച്ചിട്ടുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

## ഇ-പി.ഡി.എസ്. പ്രകാരം എഫ്.എം.പി.ഡി.എസ്. നടപ്പാക്കൽ

181(4812) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പി.ഡി.എസ്. പ്രകാരം എഫ്.എം.പി.ഡി.എസ്. (ഫുഡ് ഗ്രെയ്ൻസ് മൂവ്മെന്റ് ഫോർ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;